LIBRARY ARCHIVES Kerala Legislative Assembly

അമരവിള ടൈൽ ഫാക്ടറിക്ക് ധനസഹായം

114(383) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര അമരവിളയിൽ ഖാദിബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ടൈൽ ഫാക്ടറിയിൽ പുതിയ പദ്ധതികൾക്കായി വ്യവസായ വകുപ്പിൽനിന്നും ധനസഹായം നൽകാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ?

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ചൂടുകൽ ഉല്പാദക ക്രയവിക്രയ സഹകരണ സംഘമാണ് അമരവിള ചൂടുകൽ ഫാക്ടറി. പ്രവർത്തനം നിലച്ച പ്രസ്തുത സഹകരണസംഘത്തെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പുതിയ പദ്ധതികളൊന്നും ഇപ്പോൾ വ്യവസായ വകുപ്പിന്റെ പരിഗണനയിലില്ല.

(ബി) 2016 മുതൽ 2021 മാർച്ച് വരെ അമരവിള ടൈൽ ഫാക്ടറിക്ക് വ്യവസായ വകുപ്പ് എന്തെങ്കിലും ധനസഹായം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ ?

ഈ കാലയളവിൽ അമരവിള ചൂടുകൽ ഉല്പാദക ക്രയവിക്രയ സഹകരണ സംഘത്തിന് ധനസഹായമൊന്നും വ്യവസായ വകുപ്പിൽനിന്നും നൽകിയിട്ടില്ല.

പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് നടപടി

115(384) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ ലഭ്യത കൂട്ടുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

പുതിയസംരംഭങ്ങൾ തുടങ്ങുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് സ്വീകരിച്ചുവരുന്നു. സംരംഭകരെ ആകർഷിക്കുന്നതിനും നല്ല രീതിയിൽ സംരംഭം ആരംഭിച്ചു പ്രവർത്തിപ്പിക്കുന്നതിനുമായി ബ്ലോക്ക്/ താലൂക്ക്/ ജില്ലാതലങ്ങളിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ സംരംഭകത്വത്തിന്റെ വിവിധ